# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 5045.

15-11-2019 ൽ മറുപടിയ്ക്ക്

## നെൽകൃഷിക്കായി പ്രത്യേക കാർഷികമേഖല

**ചോദ്യം**

ശ്രീ.ഐ.സി.ബാലകൃഷ്ണൻ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ നെൽകൃഷിക്കായി പ്രത്യേക കാർഷികമേഖല രൂപപ്പെടുത്തി പരമാവധി ഉല്പാദനം കൈവരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് നെൽകൃഷിക്ക് അനുയോജ്യ കാർഷിക കാലാവസ്ഥയുള്ള പ്രദേശങ്ങളെ നെൽകൃഷിയുടെ പ്രത്യേക കാർഷിക മേഖലകളായി കണക്കാക്കി അവിടെയുള്ള സ്രോതസ്സുകളും സാധ്യതകളും പരിമിതികളും പരിഗണിച്ച് വിത്ത് മുതൽ വിപണി വരെയുള്ള എല്ലാ ഭൗതിക സാമ്പത്തിക സാഹചര്യങ്ങളും സജ്ജമാക്കി പരമാവധി ഉല്പാദനം കൈവരിക്കുവാനും ഉല്പന്നത്തിന്റെ മെച്ചപ്പെട്ട കൈകാര്യത്തിലൂടെയും മൂല്യവർദ്ധനവിലൂടെയും മെച്ചപ്പെട്ട വിപണന സംവിധാനത്തിലൂടെയും കർഷകർക്ക് പരമാവധി വരുമാനം നേടിക്കൊടുക്കുവാനുമാണ് പ്രത്യേക കാർഷിക മേഖല കൊണ്ട് ലക്ഷ്യമിട്ടിട്ടുള്ളത്.<br>നെൽ കൃഷിക്കായി ഏഴ് പ്രത്യേക കാർഷിക മേഖലകളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. ഇവ കുട്ടനാട്, കോൾ, പൊക്കാളി, ഓണാട്ടുകര, പാലക്കാട്, വയനാട്, കൈപ്പാട് എന്നിവയാണ്. |
| (ബി) | 2015-16-നെ അപേക്ഷിച്ച് നെൽകൃഷിയുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; | (ബി) | 2015-16 സാമ്പത്തിക വർഷം 196870 ഹെക്ടർ നെൽകൃഷിയാണുണ്ടായിരുന്നത്. അത് 2017-18 ൽ 2,20,449 ഹെക്ടറായി വർദ്ധിപ്പിക്കാൻ സാധിച്ചു. 2018-ലെ മഹാപ്രളയത്തിൽ 35000 ഹെക്ടർ നെൽകൃഷി പൂർണ്ണമായും നഷ്ടപ്പെട്ടിട്ടും 2018-19 സാമ്പത്തികവർഷം 2,02,985 ഹെക്ടർ സ്ഥലത്ത് നെൽകൃഷി നിലനിറുത്താൻ സാധിച്ചിട്ടുണ്ട്. |
| (സി) | പ്രളയത്തെ തുടർന്ന് മണ്ണിന്റെ ഘടനയിലുണ്ടായ മാറ്റം നെല്ലുല്പാദനത്തിൽ എന്ത് ഗുണപരമായ മാറ്റമാണ് വരുത്തിയത്; | (സി) | പ്രളയശേഷം കുട്ടനാടൻ മേഖലയിൽ മണ്ണിന്റെ അമ്ലതയും ലവണാംശവും നെൽകൃഷിക്ക് ഏറ്റവും അനുയോജ്യമായ തരത്തിൽ ആകുകയും പ്രളയജലത്തോടൊപ്പം വന്നടിഞ്ഞ എക്കലിന്റെ സാന്നിദ്ധ്യം കൊണ്ട് ജൈവിക കാർബണിന്റെ അളവും ജൈവാംശവും വർദ്ധിക്കുകയും ചെയ്തതിനാൽ നെൽകൃഷിക്ക് ഗുണകരമായ ഫലമുണ്ടായി. നെല്ലിന്റെ ഉല്പാദന ക്ഷമതയും ഉല്പാദനവും വർദ്ധിച്ചു. |

| | | | |
|---|---|---|---|
| | | | മണ്ണിനുണ്ടായ മാറ്റത്തോടൊപ്പം പ്രളയ-ശേഷമുള്ള നെൽകൃഷി പുനരുജ്ജീവന പ്രവർത്തനത്തിൽ കൃഷിവകുപ്പ് കർഷകരോടൊപ്പം തോളോട്ടുതോൾ ചേർന്ന വിത്തുമുതൽ വിപണി വരെ ഇടപെടുകയും ചെയ്തു. പ്രളയത്തിൽ അടിഞ്ഞുകൂടിയ മണ്ണും മറ്റും നീക്കം ചെയ്യുന്നതിനും ചാലുകളും തോടുകളും വൃത്തിയാക്കുന്നതിനും പമ്പുസെറ്റുകളും പെട്ടി പറ മുതലായവ നന്നാക്കുകയോ പുന:സ്ഥാപിക്കുകയോ ചെയ്യുന്നതിനും ബണ്ടുകൾ നന്നാക്കുന്നതിനും സമയബന്ധിതമായി നടപടികൾ സ്വീകരിച്ചു. ഊർജ്ജിത മണ്ണുപരിശോധന കാമ്പയിനുകൾ സംഘടിപ്പിച്ചു. 100% സബ്സിഡിയിൽ യുദ്ധകാലാ-ടിസ്ഥാനത്തിൽ ഗുണമേന്മയുള്ള നെൽ വിത്ത് വിതരണം ചെയ്തു. എല്ലാ ഉല്പാദനോപാധികളും യഥാസമയം ലഭ്യമാക്കുന്നതിനും സാധിച്ചു. കീടരോഗ നിയന്ത്രണത്തിനും കൃഷി ഉദ്യോഗസ്ഥർ കർഷകരോടോപ്പം നിന്നു.<br>മണ്ണിനുണ്ടായ മാറ്റവും കൃഷി വകുപ്പിന്റെ സാങ്കേതിക ഇടപെടലുകളും സമയബന്ധിതമായി നൽകിയ ഉല്പാദനോപാധികളും കാരണം നെല്ലിന്റെ ഉല്പാദനക്ഷമത വർദ്ധിക്കുകയുണ്ടായി. |
| (ഡി) | സംസ്ഥാനത്ത് മിനി റൈസ് മില്ലുകളും, പ്രോസസ്സിംഗ് യൂണിറ്റുകളും സ്ഥാപിച്ചിട്ടുണ്ടോ; ഈ വർഷം ഇത്തരത്തിൽ എത്രയെണ്ണം സ്ഥാപിച്ചു? | (ഡി) | 2017-18 സാമ്പത്തിക വർഷത്തിലെ സമഗ്ര നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം മിനി റൈസ് മില്ലുകളും നെല്ല് പുഴുങ്ങിക്കുത്തി അരിയും അരി ഉലപന്നങ്ങളുമാക്കി വിപണനം നടത്തുന്ന പ്രോസസിങ് യുണിറ്റുകളും സ്ഥാപിക്കുന്നതിനു പദ്ധതിയധിഷ്ഠിതമായി ആനുകൂല്യം നൽകിയിരുന്നു. പാടശേഖര സമിതികള്, സഹകരണ സ്ഥാപനങ്ങള്, അംഗീകൃത ഗ്രൂപ്പുകള്, വ്യക്തികൾ എന്നിവക്ക് റൈസ് മില്ലുകളും പ്രോസസിങ് യുണിറ്റുകളും സ്ഥാപിക്കുന്നതിന് ധനസഹായം നൽകി. അപ്രകാരം കാസറഗോഡ് ജില്ല 121, കണ്ണൂർ ജില്ല 228, എറണാകുളം ജില്ല 15, മലപ്പുറം 40, തൃശ്ശൂർ 8, പാലക്കാട് 3 എന്നിങ്ങനെ 415 മിനി റൈസ് മില്ലുകളും, കോഴിക്കോട് 3, കൊല്ലം 2, ആലപ്പുഴ 7, പാലക്കാട് 3, കോട്ടയം 1 എന്നിങ്ങനെ 16 പ്രോസസിങ് യൂണിറ്റുകളും സ്ഥാപിച്ചു.<br>നടപ്പ വർഷം റൈസ് മില്ലുകളും പ്രോസസ്സിങ് യൂണിറ്റുകളും സ്ഥാപിക്കുന്നതിനായി 60 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. വയനാട്ടിലും കോഴിക്കോട്ടും ഓരോ പ്രോസസ്സിങ് യൂണിറ്റ് സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ